Lalith Babu

**രജിസ്ട്രേഷൻ ഓഫീസിൽ നിന്നും ആധാരത്തിന്റെ പകർപ്പ് ലഭിക്കണമെങ്കിൽ രജിസ്ട്രേഷൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഫീസ് നൽകേണ്ടതാണ്**

3. മേൽപ്പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

അപ്പീൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന ആധാരങ്ങളുടെ പകർപ്പുകൾ, ഈ പകർപ്പുകൾ നൽകുന്നതിന് രജിസ്ട്രേഷൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഫീസ് ഈടാക്കി ഒന്നാം എതൃകക്ഷി അപ്പീൽ ഹർജിക്കാരിക്ക് നൽകേണ്ടതാണ്. അപ്പീൽ ഹർജിക്കാരി ഒടുക്കേണ്ട ഫീസ് സംബന്ധിച്ച വിവരങ്ങൾ വിവരാവകാശ നിയമം 7(3)(a) വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള പ്രകാരം അപ്പീൽ ഹർജിക്കാരിയെ അറിയിക്കേണ്ടതാണ്. ഇപ്രകാരമുള്ള അറിയിപ്പ് ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി ഏഴ് ദിവസത്തിനുള്ളിൽ ഒന്നാം എതൃകക്ഷി നൽകേണ്ടതും അപ്പീൽ ഹർജിക്കാരി ഫീസ് ഒടുക്കുന്ന മുറയ്ക്ക് വിവരാവകാശ നിയമം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ വിവരം നൽകേണ്ടതുമാണ്.

അപ്പീൽ ഇപ്രകാരം തീർപ്പാക്കി ഇന്ന് ദിവസം 2010 ഫെബ്രുവരി മാസം 11-ാം തീയതി കമ്മീഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.